DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

13.05.2019

# കാർഷികമേഖലാവാർത്തകൾ

## ആനയറ-അറിയിപ്പ്

തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന ആനയറ ബിസിനസ് കേന്ദ്ര യിൽ കുറ്റ്യാടി തെങ്ങിൻതൈ 100 രൂപ നിരക്കിലും, കേരഗംഗ തെങ്ങിൻതൈ 200 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവര ങ്ങൾക്ക് ബന്ധപ്പെടേ ഫോൺ നമ്പർ: 8281635530.

## അറിയിപ്പ്

കേരള കാർഷിക സർവ്വകാലാശാലയുടെ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളജിലെ സസ്യരോഗ വിഭാഗത്തിൽ ചിപ്പിക്കൂൺ, പാൽക്കൂൺ എന്നിവയുടെ മദർസ്പോൺ, ബെഡ്സ്പോൺ എന്നിവ വിൽപനയ്ക്കുണ്ട്. ജൈവനിയന്ത്രണോപാധികളായ ട്രൈക്കോഡർമ, സ്യൂഡോമോണസ് എന്നിവയും ലഭ്യമാണ്. അധിക വിവരങ്ങൾക്ക് **0487 – 2438354**

## അറിയിപ്പ്

കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ ഒരു

കണക്കെടുപ്പും രജിസ്ട്രേഷനും നടത്തിവരുന്നു. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരുടെ പരിധിയിലുള്ള കൃഷി ഭവനുകളിൽ 2019 മേയ് 31 -ാം തീയതിയ്ക്ക് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്. മാതൃകാ ഫോറം കൃഷി ഭവനുകളിൽ ലഭ്യമാണ്.

## പ്ലാന്റ് ജീനോം സേവിയർ അവാർഡിന് അപേക്ഷിക്കാം

കേന്ദ്രകൃഷി, കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ്റൈറ്റ്സ് അതോറിറ്റി നൽകുന്ന പ്ലാന്റ് ജീനോം സേവിയർ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. പരമ്പരാഗത സസ്യഇനങ്ങൾ സംരക്ഷിക്കുകയും പുതിയവ ഉരുത്തിരിച്ചെടുക്കുകയും ചെയ്യുന്ന കർഷകർക്കും കർഷക സമൂഹത്തിനും നൽകുന്ന രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമാണിത്. മൂന്നു വിഭാഗത്തിലാണ് അവാർഡുകൾ.

വിളകളുടെ പ്രാദേശിക ഇനങ്ങളും സാമ്പത്തികമൂല്യമുള്ള വിളകളുടെ വന്യഇനങ്ങൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നിർധാരണത്തിലൂടെ പുതിയവ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്ന ആദിവാസി/ഗോത്ര/കർഷക സമൂഹത്തിന് 2016-17, 2017-18 വർഷത്തെ പ്രവർത്തനങ്ങൾക്കാണ് **പ്ലാന്റ് ജീനോം സേവിയർ കമ്മ്യൂണിറ്റി അവാർഡും**, 2017-18 വർഷത്തെ പ്രവർത്തനങ്ങൾക്ക് **പ്ലാന്റ് ജീനോം സേവിയർ ഫാർമർ റിവാർഡ് / അംഗീകാരവും** നൽകുന്നു. പ്ലാന്റ് ജീനോം

സേവിയർ കമ്മ്യൂണിറ്റി അവാർഡ് ഓരോ വർഷവും പരമാവധി 5 അവാർഡ് വീതവും. 10 ലക്ഷം രൂപയും പ്രശസ്ത്രി പത്രവും മെമെന്റോയുമാണ് അവാർഡ്. പ്ലാന്റ് ജീനോം സേവിയർ ഫാർമർ റിവാർഡ് / അംഗീകാരം ആദിവാസി/ഗോത്ര/കർഷക സമൂഹത്തിൽപ്പെട്ട വ്യക്തികൾക്കാണ് നൽകുന്നത്. 1.5 ലക്ഷം രൂപ ക്യാഷ് അവാർഡ് പരമാവധി 10 പേർക്കും ഒരു ലക്ഷം രൂപ സമ്മാനത്തുക ഉൾപ്പെട്ട അംഗീകാരം 20 പേർക്കും നൽകും. അപേക്ഷാഫോറം www.plantauthority.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 011-25841532 എന്ന ഫോൺ നമ്പറിൽ വിളിക്കാം. അപേക്ഷകൾ ജില്ലാ കൃഷി ഓഫീസ്, കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് റിസർച്ച്, ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് എന്നിവ മുഖേന അയയ്ക്കാം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 28.

## അറിയിപ്പ്

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമുള്ള ജപ്പാനീസ് കാടക്കോഴികുഞ്ഞുങ്ങളെ 7 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ വില്പന നടത്തുന്നു. കാടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ നേരിട്ടോ 0479-2452277, 9495805541, 8848637051 എന്നീ നമ്പരുകളിലോ, രാവിലെ 10 മുതൽ 3 വരെ ബുക്ക് ചെയ്യാവുന്നതാണ്.